ശബരിമലയുടെ വികസനം

112 [2101] ശ്രീ. പി. ജെ. ജോയി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വർക്കല കഹാർ:
,, കെ. സുധാകരൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്ര വികസനത്തിനുവേണ്ടി വനം വിട്ടുകൊടുക്കുന്നതിനുപകരം വനം വച്ചുപിടിപ്പിക്കുന്നതിനുള്ള ഭൂമി ദേവസ്വം ബോർഡ് വിലയ്ക്ക് വാങ്ങിത്തരണമെന്ന് വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ടോ;

(ബി) ശബരിമലയിൽ ഇതര സംസ്ഥാനത്തുള്ളവരും വിദേശികളും സംസ്ഥാനത്തുള്ളവരും തീർത്ഥാടനത്തിന് എത്തിച്ചേരുന്നതുമൂലം സംസ്ഥാനത്ത് എന്തെങ്കിലും ആദായം ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതി വർഷം എത്ര വരുമാനം അതുമുഖേനയുണ്ടാകുന്നു;

(സി) ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുവാൻ നൽകുന്ന സ്ഥലത്തിനു പകരം സ്ഥലം നൽകണമെന്ന് കേന്ദ്ര ഗവൺമെൻറ് വ്യവസ്ഥവച്ചിട്ടുള്ള പക്ഷം അതിനുള്ള സ്ഥലം സംസ്ഥാനം നൽകുവാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമല തീർത്ഥാടനം മൂലം വിവിധ വകുപ്പുകൾക്കായി കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാകുന്നുണ്ട്. (മോട്ടോർ വെഹിക്കിൾ, സെയിൽസ്ടാക്സ് തുടങ്ങിയ ഇനങ്ങളിൽ)

(സി) ശബരിമല വികസനത്തിന് ലഭ്യമാകുന്ന വനഭൂമിക്ക് പകരം ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ 305 ഏക്കർ റവന്യൂ പുറമ്പോക്കു ഭൂമി പകരം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

വിളനാശം നേരിടുന്നതിനുള്ള കേന്ദ്രസഹായം

113 [2102] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിലും കാലവർഷക്കെടുതി കൊണ്ടും വിളനാശം ഉണ്ടാകുമ്പോൾ കൃഷിക്കാർക്കു നൽകുന്ന നഷ്ടപരിഹാരം ഏതു മാനദണ്ഡം അനുസരിച്ചാണ് തീരുമാനിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കശുമാവ്, ജാതി തുടങ്ങി കാർഷിക വിളകൾക്ക് ഇപ്പോൾ എത്ര വീതമാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏത്ര ഇനം കാർഷിക വിളകൾക്കാണ് ഇപ്പോൾ നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഗവൺമെൻറ് ഉത്തരവ് (എം. എസ്.) 96/04/കൃഷി തീയതി 6-4-2004, ഗവൺമെൻറ് ഉത്തരവ് (എം. എസ്.) 98/04/കൃഷി തീയതി 7-4-2004 എന്നിവ പ്രകാരം വിളനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം എല്ലാ വിളകൾക്കും ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതുപ്രകാരം ഓരോ വിളകൾക്കും നൽകുന്ന നഷ്ടപരിഹാരം എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഉത്തരവുകൾ പ്രകാരമുള്ള നഷ്ടപരിഹാര തുക വീണ്ടും പകുതിയായി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കൃഷി ഡയറക്ടറുടെ കത്ത് നമ്പർ ററി. ആർ. (1) 38596/04 തീയതി 1-12-2004 പ്രകാരമുള്ള നഷ്ടപരിഹാരത്തുക സംബന്ധിച്ച ഉത്തരവ് കൃഷിക്കാരെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണോ എന്ന് വ്യക്തമാക്കുമോ;

(എഫ്) വിളനാശം സംഭവിക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കാറുണ്ടോ;

(ജി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3-3-1981-ലെ ജി. ഒ. (പി.) നം. 63-81/എ. ഡി., 20-7-1985-ലെ ജി. ഒ. (എം. എസ്.) 225/85/എ. ഡി. എന്നീ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുമ്പോൾ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകി വരുന്നത്.

(ബി) ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(സി) 27 ഇനം വിളകൾക്കാണ് ഇപ്പോൾ നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. സ. ഉ. (എം. എസ്.) 96/04/കൃഷി തീയതി 6-4-2004, സ. ഉ. (എം. എസ്.) 98/04/കൃഷി തീയതി 7-4-2004 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഓരോ വിളകൾക്കും നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. ††

(ഇ) സ. ഉ. (എം. എസ്.) 96/04/കൃഷി തീയതി 6-4-2004, സ.ഉ. (എം. എസ്.) 98/2004/കൃഷി തീയതി 7-4-2004 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2004-ലെ കഠിനമായ വരൾച്ച കണക്കിലെടുത്ത് ആ വർഷത്തെ കൃഷി നാശത്തിന് മാത്രമാണ് നഷ്ടപരിഹാര തുക ഇരട്ടി ആയി വർദ്ധിപ്പിച്ചത്. പ്രസ്തുത വിവരം കൃഷി ഡയറക്ടറുടെ 1-12-2004-ലെ ററി. ആർ. (1) 38596/04-ാം നമ്പർ കത്ത് പ്രകാരമാണ് ജില്ലാതല ആഫീസുകളെ അറിയിച്ചിട്ടുള്ളത്.

(എഫ്) കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് മാത്രമായി സാധാരണ കേന്ദ്ര സർക്കാർ സഹായം അനുവദിക്കാറില്ല. പ്രകൃതി ക്ഷോഭ ദുരിതാശ്വാസത്തിനായി അനുവദിക്കുന്ന തുകയിൽനിന്നാണ് കൃഷി

† അനുബന്ധം V കാണുക.

†† അനുബന്ധം V A കാണുക.

LIBRARY ARCHIVES Kerala Legislative Assembly

നാശത്തിന് ധനസഹായം അനുവദിക്കുന്നത്. എന്നാൽ വരൾച്ച മൂലമുള്ള കൃഷിനാശത്തിന് ധനസഹായമായി 2004–05 വർഷം പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 106 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു.

(ജി) കഴിഞ്ഞ നാലുവർഷം സംസ്ഥാന പ്രകൃതി ക്ഷോഭ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായം ചുവടെ ചേർക്കുന്നു:

വർഷം	തുക
2001–02	52.95 കോടി രൂപ
2002–03	55.60 ,,
2003–04	58.38 ,,
2004–05	267.30 ,,

(ഇതിൽ സുനാമി ദുരിതാശ്വാസത്തിനായി ലഭിച്ച 100 കോടി രൂപയും വരൾച്ചാ ദുരിതാശ്വാസത്തിനായി ലഭിച്ച 106 കോടി രൂപയും ഉൾപ്പെടും.)

തരിശു നിലങ്ങൾ കൃഷിചെയ്യാൻ പദ്ധതി

114 [2103] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്ത് എത്ര ഏക്കർ കൃഷി ഭൂമി കൃഷിയോഗ്യമല്ലാതായി എന്നു കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ബി) കൃഷിയോഗ്യമല്ലാതായ നെൽക്കൃഷി നിലങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ;

(സി) ഇങ്ങനെ കൃഷിയോഗ്യമല്ലാതായ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വിശദമാക്കാമോ?

ഉത്തരം

(എ) 2003–04–ലെ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 28,303 ഹെക്ടർ സ്ഥലമാണ് കൃഷിക്കനുയോജ്യമല്ലാതായുള്ളത്.

(ബി) ഉണ്ട്.

(സി) തരിശുനിലങ്ങളിൽ നെൽക്കൃഷി നടപ്പിലാക്കുന്ന ഒരു പദ്ധതി കൃഷിവകുപ്പ് ഈ വർഷം നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഒരു ഹെക്ടർ തരിശുസ്ഥലത്ത് കൃഷി ചെയ്യുന്നതിന് 5000 രൂപ ധനസഹായം നൽകുന്നതാണ്. തൊഴിൽരഹിതരായ യുവജനങ്ങളെ കൃഷി മേഖലയിലേക്ക് ആകർഷിക്കുവാനും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[22-7-2005-ലെ ചോദ്യം നമ്പർ 113 (2102)-ന്റെ ഉത്തരം ദയവായി കാണുക.]

പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നൽകിവരുന്ന സാമ്പത്തിക സഹായ തോത്:

		(രൂപ)
1.	നെല്ല് (ഹെക്ടറിന്)	1,500
2.	തെങ്ങ് (കുലയ്ക്കാത്തത്)	100
3.	തെങ്ങ് (ഒരു വർഷം വരെ പ്രായം)	25
4.	വാഴ (കുലച്ചത്)	25
5.	വാഴ (കുലയ്ക്കാത്തത്)	12
6.	റബ്ബർ (ടാപ്പ് ചെയ്യുന്നത്)	60
7.	റബ്ബർ (ടാപ്പ് ചെയ്യാത്തത്)	25
8.	കശുമാവ് (കായ്ക്കുന്നത്)	60
9.	കശുമാവ് (കായ്ക്കാത്തത്)	20
10.	കമുക് (കായ്ക്കുന്നത്)	45
11.	കമുക് (കായ്ക്കാത്തത്)	30
12.	കൊക്കോ (കായ്ക്കാത്തത്)	30
13.	ഇഞ്ചി (10 സെൻറിന്)	50
14.	മഞ്ഞൾ (10 സെൻറിന്)	50
15.	മരച്ചീനി (25 സെൻറിന്)	50
16.	നിലക്കടല (ഹെക്ടറിന്)	750
17.	എള്ള് (ഹെക്ടറിന്)	750
18.	പച്ചക്കറി (10 സെൻറിന്)	50
19.	ജാതിമരം ഒന്നിന് (കായ്ക്കുന്നത്)	100
20.	ജാതി (കായ്ക്കാത്തത്)	50
21.	ഗ്രാംപൂ (കായ്ക്കുന്നത്)	75
22.	ഗ്രാംപൂ (കായ്ക്കാത്തത്)	25
23.	ഏലം (ഹെക്ടറിന്)	1,500
24.	വെറ്റില (സെൻറിന്)	150
25.	പയറ് തുടങ്ങിയ കാർഷിക വിളകൾ (ഹെക്ടറിന്)	350
26.	ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ (10 സെൻറിന്)	60
27.	കരിമ്പ് (ഹെക്ടറിന്)	1,250
28.	പൈനാപ്പിൾ (10 സെൻറിന്)	125
29.	പുൽകൃഷി (10 സെൻറിന്)	30
30.	മഞ്ഞൾ (50 സെൻറിന്)	125
31.	പുകയില കൃഷി (10 സെൻറിന്)	300
32.	പരുത്തി (10 സെൻറിന്)	100
33.	തെങ്ങ് (കുലച്ചത്)	300
34.	കാപ്പി	30
35.	കുരുമുളക് (കായ്ക്കുന്നത്)	20

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (A)

[22-7-2005-ലെ ചോദ്യം നമ്പർ 113 (2102)-ന്റെ ഉത്തരം ഒയവായി കാണുക.]

പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനു് നിലവിലുള്ള സംബന്ധിക സഹായത്തോതും പുതുക്കിയ നിരക്കും:

		നിലവിലുള്ളത് (രൂപ)	വർദ്ധിപ്പിച്ച നിരക്ക് (രൂപ)
(1)	(2)	(3)	(4)
1.	നെല്ല് (ഹെക്ടറിന്)	1,500	3,000
2.	തെങ്ങ് (കുലയ്ക്കാത്തത്)	100	200
3.	തെങ്ങ് (ഒരു വർഷം വരെ പ്രായം)	25	50
4.	വാഴ (കുലച്ചത്)	25	50
5.	വാഴ (കുലയ്ക്കാത്തത്)	12	24
6.	റബ്ബർ (ടാപ്പ് ചെയ്യുന്നത്)	60	120
7.	റബ്ബർ (ടാപ്പ് ചെയ്യാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	25	50
8.	കശുമാവ് (കായ്ക്കുന്നത്)	60	120
9.	കശുമാവ് (കായ്ക്കാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	20	40
10.	കമുക് (കായ്ക്കുന്നത്)	45	90
11.	കമുക് (കായ്ക്കാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	30	60
12.	കൊക്കോ (കായ്ക്കുന്നത്)	30	60
13.	ഇഞ്ചി (10 സെന്റിന്)	50	100
14.	മഞ്ഞൾ (10 സെന്റിന്)	50	100
15.	മരച്ചീനി (25 സെന്റിന്)	50	100
16.	നിലക്കടല (ഹെക്ടറിന്)	750	1,500
17.	എള്ള് (ഹെക്ടറിന്)	750	1,500
18.	പച്ചക്കറി (10 സെന്റിന്)	50	100
19.	ജാതി മരം ഒന്നിന് (കായ്ക്കുന്നത്)	100	200
20.	ജാതി (കായ്ക്കാത്തത് മൂന്നു വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	50	100
21.	ഗ്രാംപൂ (കായ്ക്കുന്നത്)	75	150
22.	ഗ്രാംപൂ (കായ്ക്കാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	25	50

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
23.	ഏലം (ഹെക്ടറിന്)	1,500	3,000
24.	വെറ്റില (സെന്റിന്)	150	300
25.	പയറ് തുടങ്ങിയ മറ്റു കാർഷിക വിളകൾ (ഹെക്ടറിന്)	350	700
26.	ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ (10 സെന്റിന്)	50	100
27.	കരിമ്പ് (ഹെക്ടറിന്)	1,250	2,500
28.	പൈനാപ്പിൾ (10 സെന്റിന്)	125	250
29.	പുൽകൃഷി (ഗിനിപ്പുല്ല്, കോംഗോ, സിഗ്നൽ, നേപ്പിയർ പുല്ല്, മേയ്സ് തുടങ്ങിയവ 10 സെന്റിന്)	30	60
30.	മഞ്ചാടി (50 സെന്റിന്)	125	250
31.	പുകയില കൃഷി (10 സെന്റിന്)	300	600
32.	പരുത്തി (10 സെന്റിന്)	100	200
33.	തെങ്ങ് (കുലച്ചത്)	300	600
34.	കാപ്പി	30	60
35.	കുരുമുളക് (കായ്ക്കുന്നത്)	20	40

LIBRARY ARCHIVES Kerala Legislative Assembly